4. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിരമിക്കലും, സ്ഥലംമാറ്റവും പൊന്നും വില നടപടിയുടെ പൂർത്തീകരണത്തെ സാരമായി ബാധിച്ചിട്ടുണ്ട്. പ്രശ്നപരിഹാരമായി സ്ഥലമുടമകളുമായി ചർച്ചയിലൂടെ ഏറ്റെടുക്കാൻ ബാക്കിയുള്ള സ്ഥലം മുൻകൂർ കൈവശം എടുക്കുന്നതിനുള്ള അനുമതി കെ.എസ്.ടി.പി.-ക്ക് നൽകിയിട്ടുണ്ട്. ജില്ലാതല പർച്ചേസ് സമിതി വഴി ചർച്ചയിലൂടെ നേരിട്ട് ഭൂമി വാങ്ങുന്ന പ്രക്രിയ കെ.എസ്.ടി.പി. തുടർന്നുകൊണ്ടിരിക്കുന്നു. എങ്കിലും പുതിയ സ്ഥലമെടുപ്പ് നിയമപ്രകാരം നടപടികൾ പൂർത്തിയാക്കുന്നതിന് ഒരു വർഷം കൂടി വേണ്ടി വന്നേക്കാം.

(സി&ഡി) പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ പുനലൂർ മുതൽ പൊൻകുന്നം വരെയുള്ള 80 കി.മീ. റോഡ് കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെടുത്തി PPP Hybrid Annuity (പൊതു സ്വകാര്യ പങ്കാളിത്തത്തോടെ) ആയിട്ടാണ് വികസിപ്പിക്കുന്നത്. ആയതിലേക്കുള്ള കോൺട്രാക്ടിൽ രണ്ടരവർഷം നിർമ്മാണ പ്രവർത്തനവും 10 വർഷം മെയിന്റനൻസുമാണ് നിഷ്കർഷിച്ചിരിക്കുന്നത്. VGF (Viability Gap Fund) ആയി നിർമ്മാണ ചെലവിന്റെ 40 ശതമാനം ലോകബാങ്ക് സഹായമായി നൽകുന്നതും ബാക്കി തുക കൺസഷനെയർ കണ്ടെത്തേണ്ടതുമാണ്. പ്രസ്തുത തുക സെമി ആന്വിറ്റി ആയി കോൺട്രാക്ടർക്ക് കൊടുക്കുന്നതാണ്. കരാറിൽ ആന്വിറ്റി തുകയിലേക്കായി റിവോൾവിംഗ് എൽ.സി. വേണമെന്ന് ലോകബാങ്ക് നിഷ്കർഷിച്ചിരുന്നു. ഇപ്പോൾ റിവോൾവിംഗ് എൽ.സി. ഇല്ലാതെ വർക്ക് ടെണ്ടർ ചെയ്യാനായി എൻ.ഒ.സി.-ക്ക് വേണ്ടി ലോകബാങ്കിലേക്ക് അപേക്ഷിച്ചിട്ടുണ്ട്.

കൊടുവള്ളി നിയോജക മണ്ഡലത്തിൽ ബൈപ്പാസ് നിർമ്മാണം

271(1342) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിൽ രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന കോഴിക്കോട് -വയനാട് നാഷണൽഹൈവേയിലെ താമരശ്ശേരി, കൊടുവള്ളി ബസാറുകളിൽ ബൈപാസ് നിർമ്മാണത്തിന്റെ നടപടിക്രമങ്ങൾ എത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ബൈപ്പാസ് നിർമ്മാണത്തിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കേന്ദ്ര ഗവൺമെന്റിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട്-വയനാട് ദേശീയ പാതയിലെ താമരശ്ശേരി കൊടുവള്ളി ബസാറുകളിൽ അനുഭവപ്പെടുന്ന രൂക്ഷമായ ഗതാഗതക്കുരുക്കിന് പരിഹാരമായി നിർമ്മിക്കുന്ന കൊടുവള്ളി-താമരശ്ശേരി ബൈപ്പാസ്സുകളുടെ നിർമ്മാണത്തിനു വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി&സി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്രത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിലേക്ക് അയയ്ക്കുന്നതാണ്.

റോഡുകളുടെ ഉപരിതലം പുതുക്കൽ

272(1343) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) റോഡുകളുടെ ഉപരിതലം പുതുക്കുന്നതിനായി പ്രത്യേക കർമ്മ പദ്ധതിയൊന്നും ആവിഷ്കരിച്ചിട്ടില്ല. ദേശീയപാതകളുടെ ഉപരിതലം 3 വർഷ കാലാവധിയിൽ പീരിയോഡിക്കൽ റിന്യൂവലിൽ ഉൾപ്പെടുന്ന ബി.സി. മാത്രം ചെയ്യും 5 വർഷക്കാലാവധിയിൽ 'ഉൾപ്പെടുന്ന ബി.എം., ബി.സി. എന്നിവ പുതുക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly